കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സാമൂഹ്യ സുരക്ഷാമിഷൻ പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **246**/2012/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 21.01.2012.

---

പരാമർശം:- 1) കേരള സാമൂഹ്യ സുരക്ഷാമിഷൻ ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 09.01.2012-ലെ 2550/എ1/11/കെ.എസ്.എസ്.എം. നമ്പർ കത്ത്.

2) 18.01.2012-ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.11 നമ്പർ തീരുമാനം.

**ഉത്തരവ്**

കേരള സാമൂഹ്യ സുരക്ഷാമിഷന്റെ ആഭിമുഖ്യത്തിൽ അവശതയനുഭവിക്കുന്ന വിവിധ ജന വിഭാഗങ്ങൾക്ക് വേണ്ടി ക്യാൻസർ സുരക്ഷ, താലോലം, കോക്ലിയർ ഇംപ്ലാന്റേഷൻ മുതലായ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നതിനായി ജില്ലാ പഞ്ചായത്തുകൾ 10 ലക്ഷം രൂപ വീതവും ബ്ലോക്ക് പഞ്ചായത്തുകൾ 5 ലക്ഷം രൂപ വീതവും ഗ്രാമ പഞ്ചായത്തുകൾ 1 ലക്ഷം രൂപ വീതവും പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ടി പദ്ധതികളുടെ നടത്തിപ്പിന് വേണ്ടി രൂപം കൊടുത്ത പേമെന്റ് ഗേറ്റ് വേയിലേക്ക് സഹായധനം നൽകുന്നതിന് അനുമതി നൽകണമെന്നാണ് പരാമർശം (1) വഴി ആവശ്യപ്പെട്ടിരുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സാമൂഹ്യ സുരക്ഷാമിഷന്റെ ക്യാൻസർ സുരക്ഷ, താലോലം മുതലായ പദ്ധതികളുടെ പ്രവർത്തന ഫണ്ട് രൂപീകരണത്തിനായി **ജില്ലാ പഞ്ചായത്തുകൾ 10,00,000/-** (പത്ത് ലക്ഷം രൂപ മാത്രം) രൂപ വീതവും **ബ്ലോക്ക് പഞ്ചായത്തുകൾ 5,00,000/-** (അഞ്ച് ലക്ഷം രൂപ മാത്രം) രൂപ വീതവും **ഗ്രാമ പഞ്ചായത്തുകൾ 1,00,000/-** (ഒരു ലക്ഷം രൂപ മാത്രം) രൂപ വീതവും **മുൻസിപ്പാലിറ്റികൾ 5,00,000/-** (അഞ്ച് ലക്ഷം രൂപ മാത്രം) **നഗരസഭകൾ 10,00,000/-** (പത്ത് ലക്ഷം രൂപ മാത്രം) രൂപ വീതവും തനത് / പ്ലാൻ ഫണ്ടിൽ നിന്നും ജില്ലാ ആസൂത്രണ സമിതിയുടെ റാറ്റിഫിക്കേഷന് വിധേയമായി സംഭാവനയായി നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും. (പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്.)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകേണ്ടതാണ്).
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്.)
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാമിഷൻ.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ആഫീസർ, കൊല്ലം / കൊച്ചി / കോഴിക്കോട്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ